കേരള സർക്കാർ

ജലസേചന വകുപ്പ്

കനാൽ സബ് ഡിവിഷൻ, ആലത്തൂർ.

## ദർഘാസ് പരസ്യം

വിൻഡോ നമ്പർ- ഡി1/ടെണ്ടർ (5)/ 2018-19 തിയതി 05-03-2019

മംഗലം പദ്ധതിയുടെ 2018-19 വർഷത്തെ

| | | |
|---|---|---|
| വാർഷീക അറ്റകുറ്റപണികൾ | - | 2 എണ്ണം |
| ആകെ അടങ്കൽ തുക | - | 5,00,000/- |
| നിരത ദ്രവ്യം | - | 2.5% (7500 വരെ) |
| ദർഘാസ് പ്രമാണത്തിന്റെ വില | - | 630 + ജി എസ് റ്റി |
| ദർഘാസ് ഫോറം വിൽക്കുന്ന അവസാന തിയതി | - | 14-03-2019 ഉച്ചയ്ക്ക് 1.00 മണിവരെ |
| ദർഘാസ് സ്വീകരിക്കുന്ന അവസാന തിയതി | - | 19-03-2019 ഉച്ചയ്ക്ക് 1.00 മണിവരെ |
| ദർഘാസ് തുറക്കുന്ന സമയം | - | 19-03-2019 ഉച്ചയ്ക്ക് 2.00 മണി |

ആലത്തൂർ

05-03-2019

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

കനാൽ സബ്ഡിവിഷൻ, ആലത്തൂർ.

Scanned by CamScanner

**കേരള സർക്കാർ**

**ജലസേചന വകുപ്പ്**

**കനാൽ സബ് ഡിവിഷൻ ആലത്തൂർ**

**ദർഘാസ് പരസ്യം**

നം. ഡി1/ടെണ്ടർ (5)/ 2018-19 തിയതി. 5-03-2019

ബഹുമാനപ്പെട്ട കേരള ഗവർണ്ണർക്ക് വേണ്ടി ജലവിഭവ വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ കനാൽ സബ് ഡിവിഷൻ, ആലത്തൂർ താഴെ കൊടുത്തിരിക്കുന്ന പ്രവൃത്തികൾക്ക് നിശ്ചിത യോഗ്യതയുള്ള സർക്കാർ അംഗീകൃത കരാറുകാരിൽ നിന്നും പ്രവൃത്തിയുടെ പേര് ആലേഖനം ചെയ്തിട്ടുള്ള മുദ്ര വെച്ച മത്സരാടിസ്ഥാനത്തിലുള്ള ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. ദർഘാസ് നമ്പർ, പ്രവൃത്തിയുടെ പേര്, ഉദ്ദേശ അടങ്കൽ തുക, നിരതദ്രവ്യം, ദർഘാസ് പ്രമാണത്തിന്റ വില, പ്രവൃത്തി പൂർത്തിയാക്കേണ്ട കാലാവധി എന്നിവ ക്രമമായി ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ നമ്പർ | ദർഘാസ് നമ്പർ | പ്രവൃത്തിയുടെപേര്,അടങ്കൽതുക,നിരതദ്രവ്യം, | ദർഘാസ് പ്രമാണത്തിന്റ വില | പൂർത്തിയാക്കേണ്ട കാലാവധി |
|---|---|---|---|---|
| 1 | 21/2018-19 | മംഗലം പദ്ധതി- 2018-19- വലതുകര ചെ. 12/750 കി.മീറ്ററിനും 12/950 കി.മീറ്ററിനും ഇടയ്ക്കുള്ള അടിയന്തിര പുനരുദ്ധാരണ പ്രവൃത്തി.- 3,00,000/- ( രൂപ 3 ലക്ഷം) 7500/- | 630+ GST | 3 മാസം |
| 2 | 22/2018-19 | മംഗലം പദ്ധതി-2018-19- വലതുകര നെല്ലിക്കോട ഡിസ്ട്രിബ്യൂട്ടറി 7/140 കി.മീറ്ററിലെ അടിയന്തിര പുനരുദ്ധാരണ പ്രവൃത്തി.-2,00,000/- ( രൂപ 2 ലക്ഷം) 5000/- | 525+ GST | 3 മാസം |

ദർഘാസ് പ്രമാണങ്ങൾ 14/03/ 2019 ന് ഉച്ചയ്ക്ക് ഒരു മണി വരെ നിശ്ചിത പണമടച്ച് രേഖാമൂലം അപേക്ഷിച്ചാൽ, ഈ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. ദർഘാസ് പ്രമാണത്തിന് വേണ്ടി അടച്ച തുക യാതൊരു കാരണവശാലും തിരിച്ചുകൊടുക്കുന്നതല്ല. ദർഘാസ് പ്രമാണങ്ങൾ അംഗീകൃത കരാറുകാർക്ക് മാത്രം ലഭിക്കുന്നതും, പരസ്പരം കൈമാറ്റം ചെയ്യാൻ പാടില്ലാത്തതുമാകുന്നു.

Scanned by CamScanner

നിരതദ്രവ്യം ആലത്തൂർ കനാൽ സബ് ഡിവിഷൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ അടച്ച, (അദ്ധേഹത്തിന് ഏതു സമയത്തും മാറ്റത്തക്ക വിധത്തിൽ അധികാര പ്പെടുത്തിയത്) പ്രവൃത്തിയുടെ പേര് വ്യക്തമായി രേഖപ്പെടുത്തി, 200 രൂപായുടെ മുദ്ര പത്രത്തിലുള്ള പ്രാഥമിക ഉടമ്പടി സഹിതം ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. പ്രാഥമിക ഉടമ്പടി സമർപ്പിച്ചിട്ടില്ലാത്തതും , ആവശ്യമായ നിരതദ്രവ്യം കെട്ടിവെയ്ക്കാത്തതുമായ ദർഘാസുകൾ നിരസിക്കുന്നതാണ്.

പൂരിപ്പിച്ച ദർഘാസുകൾ 19/03/2019 ന് 1.00 മണി വരെ ഈ ഓഫീസിൽ രജിസ്റ്റേർഡ് തപാലിൽ സ്വീകരിക്കുന്നതാണ്. നിശ്ചിത സമയത്തിനകം ലഭിച്ച ദർഘാസുകൾ 19/03/2019 ന് 2 മണിക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറോ, അദ്ദേഹം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോ അപ്പോൾ ഹാജറുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്. ഏതെങ്കിലും കാരണവശാൽ പ്രസ്തുത ദിവസം അവധിയാണെങ്കിൽ തൊട്ടടുത്ത പ്രവർത്തി ദിവസം നടപടികൾ കൈക്കൊള്ളുന്നതാണ്. ദർഘാസുകൾ നീട്ടി വെയ്ക്കുന്നതിനോ, റദ്ദ് ചെയ്യുന്നതിനോ ഉള്ള അധികാരം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിക്ഷിപ്തമായിരിക്കും.

കേരള ജലസേചന വകുപ്പിൽ ദർഘാസ് സംബന്ധിച്ച നിലവിലുള്ള എല്ലാ വ്യവസ്തകളും നിയമങ്ങളും ഈ ദർഘാസിനും ബാധകമായിരിക്കും. ദർഘാസുകൾ സംബന്ധിച്ചുള്ള വിശദ വിവരങ്ങൾ ഈ കാര്യാലയത്തിൽ നിന്നും എല്ലാ പ്രവൃത്തി ദിവസങ്ങളിലും ലഭ്യമായിരിക്കും.

കരാറുകാരുടെ യോഗ്യത- ഡി ക്ളാസും അതിന് മുകളിലും.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

പകർപ്പ്-

1. സൂപ്രണ്ടിങ് എഞ്ചിനിയർ, ശിരുവാണി പ്രോജക്ട് സർക്കിൾ, പാലക്കാട്.
2. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ ഡിവിഷൻ, മലമ്പുഴ.
3. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ക്വാളിറ്റി കൺട്രോൾ വിഭാഗം, ചുണ്ണാമ്പുതറ.
4. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,എൽ.ബി.സി. സബ്ഡിവിഷൻ, പാലക്കാട്.
5. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ സബ് ഡിവിഷൻ, നെൻമാറ.
6. അസിസ്റ്റന്റ് എഞ്ചിനീയർ,കനാൽ സെക്ഷൻ, ആലത്തൂർ.
7. അസിസ്റ്റന്റ് എഞ്ചിനീയർ, കനാൽ സെക്ഷൻ, വടക്കഞ്ചേരി
8. അസിസ്റ്റന്റ് എഞ്ചിനീയർ, ഡാം സെക്ഷൻ, മംഗലം ഡാം.
9. നോട്ടീസ് ബോർഡ്
10. ഫയൽ

Scanned by CamScanner